# <u>കാളേച്ചുവീട്ടിൽ കുടുംബം</u>

ഏറ്റുമാനൂരിന്റെ ചരിത്രം പഴമയിലും ഐതീഹ്യങ്ങളിലും പുതഞ്ഞുകിടക്കുന്നു. ചരിത്രരേഖകളെക്കാൾ കേട്ടുകേൾവിയെ ആശ്രയിച്ചേ ചരിത്രരചന സാധ്യമാകുന്നുള്ളൂ . എന്നാൽ കുടുംബചരിത്രം എഴുതുക എന്നത് പലരുടെയും വാമൊഴികളിൽ നിന്നും കൈമാറിവന്ന സത്യങ്ങൾ രേഖപ്പെടുത്തലായിത്തീരുന്നു. നമ്മുടെ കാളേച്ചുവീട്ടിൽ കുടുംബത്തെ അത്തരത്തിൽ ഒന്നു രേഖപ്പെടുത്തിവയ്ക്കാനുള്ള ഒരു ചെറിയ ശ്രമം ആണിത് .

നമ്മുടെ കുടുംബത്തിന്റെ വേരുകൾ തേടുമ്പോൾ എത്തിച്ചേരുന്നത് മലബാറിലെ വളരെയധികം ചരിത്രപ്രാധാന്യമുള്ള 'ആഴ്‌വാഞ്ചേരി തമ്പ്രാക്കളിലാണ്'. ഹൈദർ അലി തുടങ്ങിവെക്കുകയും പിന്നീട് ടിപ്പു തുടരുകയും ചെയ്ത മൈസൂർ- മലബാർ ആക്രമണകാലത്ത് (1766 -1792), ബ്രിട്ടീഷ്സംരക്ഷിത തിരിവിതാംകൂറിന്റെ ഭാഗമായിരുന്ന ഏറ്റുമാനൂരിലേക്ക് നമ്മുടെ പൂർവീകർ എത്തിച്ചേരുകയായിരുന്നു. പടയോട്ടക്കാലത്ത് , മംഗലാപുരം ആസ്ഥാനമാക്കിയ ബ്രിട്ടീഷ് പടയുടെ മേധാവി കേണൽ ഫുള്ളർട്ടൺന്റെ ഔദ്യോഗീക രേഖപ്പെടുത്തലിൽ, ഇത്തരം രക്ഷപ്പെടലുകളെ കുറിച്ചുള്ള പരാമർശം കാണാവുന്നതാണ് .(page- 508)

കുടുംബത്തിലെ ഇപ്പോഴത്തെ മുതിർന്ന തലമുറയുടെ ഓർമകളിൽ സാധിക്കുന്നത്ര പിറകോട്ടു സഞ്ചരിച്ച് കാളേച്ചുവീടിന്റെ ചരിത്രം നോക്കിയാൽ കുഞ്ചിയമ്മ എന്ന വലിയ മുത്തശ്ശിയിലും നാണുപിള്ള എന്ന മുത്തശ്ശനിലും എത്തുന്നു . വലിയ മുത്തശ്ശിക്കും മുത്തശ്ശനും അഞ്ചു മക്കൾ ഉണ്ടായിരുന്നു. അക്കമ്മ എന്ന് വിളിച്ചു വന്ന ഗൌരിക്കുട്ടി, നീലകണ്ഠപ്പിള്ള , പാർവതി എന്ന പാറുക്കുട്ടി , ശങ്കരപ്പിള്ള , കൊച്ചു കുട്ടിയമ്മ എന്ന് വിളിച്ചിരുന്ന ലക്ഷ്മിക്കുട്ടി എന്നിങ്ങനെ.

മൂത്ത മകളായ അക്കമ്മ മുത്തശ്ശിയെ  വിവാഹം ചെയ്തത് വെമ്പള്ളിയിൽ നിന്നുള്ള മുത്തശ്ശനായിരുന്നു . ഇവർക്ക് രണ്ടു മക്കൾ . കെ.എൻ നായരും അക്കച്ചിയമ്മച്ചി എന്നറിയപ്പെട്ടിരുന്ന കാർത്യായനിയമ്മയും .

രണ്ടാമനായ നീലകണ്ഠപ്പിള്ള മുത്തശ്ശൻ വിവാഹം ചെയ്തത് ഏറ്റുമാനൂർ വടക്കേടത്ത് വീട്ടിലെ  കൊച്ചുപെണ്ണമ്മ എന്ന മുത്തശ്ശിയെയാണ്. ഈ ബന്ധത്തിൽ ഒരു മകൾ മാത്രമാണുള്ളത് .പൊന്നമ്മ.

വലിയ മുത്തശ്ശിയുടെ മൂന്നാമത്തെ മകളായ, പാറുക്കുട്ടി മുത്തശ്ശിക്ക് നാലുമക്കൾ ഉണ്ടായിരുന്നു.  പദ്മനാഭപിള്ള (പപ്പുണ്ണിയമ്മാവൻ), ഭാസ്ക്കരൻ നായർ ( ഭാസുക്കുട്ടമ്മാവൻ), കേശവൻ നായർ, കരുണാകരൻ നായർ( കണ്ണമ്മാവൻ) .

നാലാമനായ ശങ്കരപ്പിള്ള മുത്തശ്ശൻ ആദ്യ വിവാഹം ചെയ്തത് ഏറ്റുമാനൂർ കണ്ടത്തിൽ വീട്ടിലെ ഗൌരിയമ്മ മുത്തശ്ശിയെയാണ്. ആ ബന്ധത്തിലെ ഏക മകളാണ് ശാരദാമ്മ . ശങ്കരപ്പിള്ള മുത്തശ്ശൻ രണ്ടാമതായി ചേന്ദമംഗലത്തു നിന്നും കമലക്ഷിയമ്മ മുത്തശ്ശിയെ വിവാഹം ചെയ്തു. ഈ ബന്ധത്തിൽ മൂന്നു മക്കൾ .ശിവശങ്കരമേനോൻ (കുട്ടൻ ) , ചന്ദ്രശേഖരമേനോൻ (അനിയൻ ), സതീ ദേവി .

കൊച്ചുകുട്ടിയമ്മ മുത്തശ്ശിയെ വിവാഹം ചെയ്തത് കാട്ടാമ്പാക്കിൽ മഠത്തിൽ വീട്ടിൽ മാധവൻ പിള്ള മുത്തശ്ശൻ ആണ്. ഇവർക്ക് നാല് മക്കൾ .ജാനകിയമ്മ , ഗോപാലൻ നായർ , കമലാക്ഷിയമ്മ , ഗൗരിക്കുട്ടിയമ്മ.

അടുത്ത തലമുറയിലേക്കെത്തുമ്പോൾ അക്കമ്മ മുത്തശ്ശിയുടെ മകനായ കെ.എൻ.നായർ  വിവാഹം ചെയ്തത്  മുറപ്പെണ്ണായ പൊന്നമ്മയെ ആണ്. ഇവർക്ക് നാലു മക്കൾ . രാജമ്മ , ഇന്ദിര , സുകുമാരൻനായർ, അംബിക .

അക്കമ്മ മുത്തശ്ശിയുടെ മകളായ അക്കച്ചിഅമ്മച്ചിയെ വിവാഹം കഴിച്ചത് കുറുമള്ളൂരിൽ നിന്നുള്ള മുത്തശ്ശനാണ്. ഇവർക്ക്  മൂന്നു മക്കൾ . രാഘവൻ നായർ , പ്രഭാകരൻ നായർ , ശങ്കരനാരായണൻ (തങ്കപ്പൻ).

പാറുക്കുട്ടി മുത്തശ്ശിയുടെ മൂത്ത മകനായ പദ്മനാഭപിള്ള വിവാഹം കഴിച്ചിട്ടില്ല .

പാറുക്കുട്ടി മുത്തശ്ശിയുടെ രണ്ടാമത്തെ മകനായ കെ.എൻ .ഭാസ്കരൻ നായർ ഏറ്റുമാനൂർ ടൗണിൽതന്നെ നടത്തിയിരുന്ന  ഹോമിയോ ഡിസ്പെൻസറി നിലങ്കാരി ചുമയുടെ ചികിൽസയ്ക്കു പ്രസിദ്ധമായിരുന്നു . ഭാസ്ക്കരൻ നായർ എന്ന ഭാസുക്കുട്ടമ്മാവൻ വിവാഹം ചെയ്തത് ചേർത്തലയിൽ നിന്നുള്ള സുമതിയമ്മയെയാണ് . ഇവർക്ക് ഒരു മകൻ, ഡോക്ടർ ശിവശങ്കര പണിക്കർ .(ശങ്കരൻകുട്ടി) .

പാറുക്കുട്ടി മുത്തശ്ശിയുടെ മൂന്നാമത്തെ മകനായ കേശവൻനായർ  വിവാഹം ചെയ്തത് വടക്കേയിന്ത്യക്കാരിയായ ചന്ദ്രഭാഗയെയാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. സതീശൻ ,സുരേഷ്.

പാറുക്കുട്ടി മുത്തശ്ശിയുടെ ഏറ്റവും ഇളയ മകനായ കരുണാകരൻനായർ വിവാഹം ചെയ്തത് ജാനകിയമ്മയെയാണ്(ബേബി) . ഇവർക്ക് നാലു മക്കൾ. കൃഷ്ണൻകുട്ടി ,ചന്ദ്രൻ,വിജയൻ,സോമൻ .

ശങ്കരപ്പിള്ള മുത്തശ്ശന്റെ മൂത്ത പുത്രിയായ ശാരദാമ്മയെ വിവാഹം ചെയ്തത് മുറചെറുക്കനായ ഗോപാലൻ നായർ തന്നെയാണ് .

ഇവർക്ക് അഞ്ചു മക്കൾ .രാധാകൃഷ്ണൻ ,വിക്രമൻ ,ഗോപകുമാർ, മാധവൻകുട്ടി ,വത്സല.

ശങ്കരപ്പിള്ള മുത്തശ്ശന്റെ രണ്ടാമത്തെ മകൻ ശിവശങ്കരമേനോൻ (കുട്ടൻ) വിവാഹം ചെയ്തത് കോഴിക്കോട്ട് നിന്നുള്ള ഇന്ദിരയെയാണ്. ഇവർക്ക് ഒരു മകൾ . മായ .

ശങ്കരപ്പിള്ള മുത്തശ്ശന്റെ മൂന്നാമത്തെ മകൻ ചന്ദ്രശേഖരമേനോൻ (അനിയൻ ) വിവാഹം ചെയ്തത് തൃപ്പുണിത്തുറയിൽ നിന്നും ജയശ്രീയെയാണ് . ഇവർക്ക് മൂന്നു മക്കൾ. മഞ്ജു, ലക്ഷ്മി , ശങ്കർ

ശങ്കരപ്പിള്ള മുത്തശ്ശന്റെ ഇളയ മകളായ സതീദേവിയെ വിവാഹം ചെയ്തത് മാവേലിക്കരയിൽ നിന്നുള്ള ബാലകൃഷ്ണൻ നായർ ആണ് . ഈ ദമ്പതികൾക്ക് മൂന്നു മക്കൾ .ശിവശങ്കരമേനോൻ (ഉണ്ണി ) , ഉഷ , ഉമ.

കൊച്ചുകുട്ടിയമ്മ മുത്തശ്ശിയുടെ മൂത്ത മകളായ ജാനകിയമ്മയെ വിവാഹം ചെയ്തത് കുമരകത്ത് മണിമല വീട്ടിലെ നീലകണ്ഠൻ നായർ ആണ് . എം.എൻ. നായർ എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം ശ്രീമൂലം പ്രജാ സഭയിലെ അംഗമായിരുന്നു . സാമൂഹ്യ പരിഷ്ക്കർത്താവും , സമുദായ സ്നേഹിയും പ്രഗൽഭനായ വാഗ്മിയും ആയിരുന്ന ഇദ്ദേഹം നായർ സർവീസ് സൊസൈറ്റി സ്ഥാപിക്കുന്നതിൽ , ശ്രീ മന്നത്ത് പദ്മനാഭനൊപ്പം സ്ഥാനം വഹിച്ചിരുന്നു . ഇദ്ദേഹം ആലപ്പുഴയിൽ സ്ഥാപിച്ച ആർ.കെ. പ്രസ്സ് ( രാജാ കേശവദാസ് പ്രസ്സ് ) പിന്നീട്, 1956 ൽ ഏറ്റുമാനൂരേക്ക് മാറ്റി സ്ഥാപിച്ചു . ഏറ്റുമാനൂരിൽ ആദ്യമായി പ്രവർത്തനം തുടങ്ങിയ അച്ചടിശാല ഇതായിരുന്നു . എം.എൻ. നായർ - ജാനകിയമ്മ ദമ്പതികൾക്ക് അഞ്ചു മക്കൾ. ഗോപിനാഥൻ നായർ , ശാരദ , സുകുമാരൻ നായർ , ലീല , മോഹൻ നായർ . വളരെ ചെറിയ പ്രായത്തിൽ തന്നെ ചെയ്യാൻ ഏറെ കാര്യങ്ങൾ ബാക്കിയാക്കി എം.എൻ. നായർ അന്തരിക്കയും ചെയ്തു.

കൊച്ചുകുട്ടിയമ്മ മുത്തശ്ശിയുടെ രണ്ടാമത്തെ മകനായ കെ.എൻ. ഗോപാലൻനായർ വിവാഹം ചെയ്തത് കുടുംബത്തിനുള്ളിൽ നിന്നാണെന്ന് മുൻപ് പറഞ്ഞിരുന്നുവല്ലോ. കല ,സാഹിത്യം, സഹകരണം എന്നീ മേഖലകളിലൊക്കെ പ്രവർത്തിച്ചിരുന്ന കെ.എൻ. ഗോപാലൻനായർ പ്രഗൽഭനായ അഭിഭാഷകനും ആയിരുന്നു . മലയാള മനോരമ പത്രത്തിൽ പബ്ലിഷിംഗ് ഹൗസ് മാനേജർ തസ്തികയിൽ ദീർഘകാലം പ്രവർത്തിച്ചിരുന്ന ഇദ്ദേഹം പത്രപ്രവർത്തന രംഗത്തും തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ചിരുന്നു. നിരവധി കൃതികൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയത് കൂടാതെ ഏതാനും സിനിമകളിൽ അഭിനയിക്കയും തിരക്കഥാരചന നടത്തുകയും ചെയ്തിട്ടുണ്ട് .സാഹിത്യ പ്രവർത്തക

സഹകരണ സംഘത്തിന്റെ ആരംഭകാലം മുതൽ ഡയറക്ടർ ബോർഡ്അംഗം ആയിരുന്ന ഇദ്ദേഹം ഏറ്റുമാനൂർ സർവീസ് സഹകരണ ബാങ്കിന്റെ സ്ഥാപക അംഗവും പ്രഥമ പ്രസിഡണ്ടും ആയിരുന്നു. ഏറ്റുമാനൂരിലെ ആദ്യ പബ്ലിക് ലൈബ്രറിയായ SMSM സ്ഥാപിക്കാൻ മുൻകൈയെടുത്തു പ്രവർത്തിച്ച അദേഹം അക്കാലത്ത് കേരളത്തിലെ സാംസ്കാരിക രംഗത്ത് അറിയപ്പെടുന്ന ആളായിരുന്നു . പ്രശസ്ത ഗാനരചയിതാവായ വയലാർ രാമവർമ്മ ഏറ്റുമാനൂരിലെ ഈ പബ്ലിക്ലൈബ്രറിയുടെ പുസ്തകസമ്പത്തിലൂടെ മലയാള സാഹിത്യരംഗത്തെ അടുത്തറിഞ്ഞവരിൽ ഒരാളാണ് എന്നത് നമുക്കും അഭിമാനകരമാണ് .

കൊച്ചുകുട്ടിയമ്മ മുത്തശ്ശിയുടെ മൂന്നാമത്തെ മകളായ കമലക്ഷിയമ്മയെ വരിച്ചത് വടക്കൻ പറവൂർ സ്വദേശിയായ പി.കെ. നാരായണ പിള്ളയാണ് . സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസിന്റെ നമ്പർ വൺ ഏജന്റ് ആയിരുന്നു ഇദേഹം. അക്കാലത്ത് ജീവിത രീതികളിൽ എന്ത് പരിഷ്ക്കാരം വന്നാലും അതൊക്കെത്തന്നെയും ആദ്യം ഉപയോഗത്തിൽ വരുത്തിയിരുന്നത് നാരായണപിള്ള മുത്തശ്ശൻ ആയിരുന്നു എന്നത് മുതിർന്ന തലമുറയിലെ പലരും വ്യക്തമായി ഓർക്കുന്നുണ്ട്. ആലപ്പുഴയിൽ താമസമാക്കിയിരുന്ന ഇവരുടെ വീട്ടിൽ, അന്നത്തെക്കാലത്ത് പിസ്റ്റൺ വഴി വെള്ളം മുകളിൽ എത്തിച്ച്, പൈപ്പുകൾ വഴി ഉപയോഗിക്കാൻ സാധിച്ചിരുന്ന രീതി പ്രയോഗത്തിൽ വരുത്തിയിരുന്നുവത്രേ. ഈ ദമ്പതികൾക്ക് ഏഴു മക്കൾ ഉണ്ടായിരുന്നു. സരോജം , രാജശേഖരൻനായർ (അപ്പു ) , ആനന്ദവല്ലി (ആനന്ദം ) , ക്യാപ്റ്റൻ ബാലകൃഷ്ണൻനായർ (ബാലപ്പൻ ), ചന്ദ്രശേഖരൻനായർ (ചന്തു), ത്രിവിക്രമൻ നായർ (അനിയൻ ), ശശിധരൻനായർ (ശശി) .

കൊച്ചുകുട്ടിയമ്മ മുത്തശ്ശിയു ടെ ഏറ്റവും ഇളയ മകളായ ഗൌരിക്കുട്ടിയമ്മയെ വിവാഹം ചെയ്തത് ചെർപ്പുളശ്ശേരി കുന്നുംപുറത്ത് തറവാട്ടിലെ അച്യുതമേനോനാണ്. പ്രമുഖ കയർ കയറ്റുമതി വ്യവസായി ആയിരുന്ന അദേഹം , പിന്നീട് കേരളത്തിലെ ആദ്യത്തെ ബാങ്കിംഗ് സംരംഭമായ ലക്ഷ്മിവിലാസ് ബാങ്കിന്റെ മാനേജർ ആയി ചുമതലയേറ്റെടുത്തു. അവിചാരിത കാരണങ്ങളാൽ ആദ്യ ബാങ്കിന്റെ പ്രവർത്തനം നിലച്ച ശേഷം അദേഹം അന്നത്തെ പ്രശസ്തമായ വല്ലഭദാസ്കാഞ്ചി എന്ന കയർ ഫാക്റ്ററിയിൽ ഉദ്യോഗം സ്വീകരിച്ചു. (ഇന്ന്

VKL എന്ന പേരിലാണ് ഈ സ്ഥാപനം അറിയപ്പെടുന്നത് ). ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അരവിന്ദാക്ഷനും  രാധക്കുട്ടിയും .

ഇതിനു ശേഷമുള്ള തലമുറയിലേക്കു കടക്കുമ്പോൾ  കെ.എൻ.അമ്മാവന്റെ മൂത്ത മകളായ രാജമ്മയെ വിവാഹം ചെയ്തത്  അക്കച്ചിയമ്മച്ചിയുടെ രണ്ടാമത്തെ പുത്രനായ പ്രഭാകരൻ നായരാണ്. ഇവർക്ക് മൂന്നു മക്കൾ . ഗിരിജ ,പദ്മജ , ഉണ്ണികൃഷ്ണൻ( കണ്ണൻ).

കെ.എൻ.അമ്മാവന്റെ  രണ്ടാത്തെ പുത്രിയായ ഇന്ദിരയെ വിവാഹം ചെയ്തത് അക്കച്ചിയമ്മച്ചിയുടെ ഇളയ പുത്രനായ ശങ്കരനാരായണൻ ആണ് . ഈ ദമ്പതികൾക്കും മൂന്നു മക്കൾ . മോഹൻ , വിജയൻ (ബാബു) , ഗീത .

കെ.എൻ.അമ്മാവന്റെ  മൂന്നാമത്തെ പുത്രനായ സുകുമാരൻ നായർ വിവാഹം ചെയ്തതും കുടുംബത്തിനുള്ളിൽനിന്നുമായിരുന്നു .അക്കച്ചിയമ്മച്ചിയുടെ കൊച്ചു മകളായ ചന്ദ്രികയെയാണ് വിവാഹം ചെയ്തത്. ഇവർക്ക് രണ്ടു മക്കൾ വേണു ഗോപാൽ , വിനോദ്.

കെ.എൻ. അമ്മാവന്റെ ഇളയ മകളായ അംബികയെ വിവാഹം ചെയ്തത് കോഴിക്കോട് നിന്നുള്ള  വേലായുധൻനായർ (അനിയൻ ) ആണ്. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ . ലക്ഷ്മി , സുജിത് .

അക്കച്ചിയമ്മച്ചിയുടെ മൂത്ത മകനായ രാഘവൻ പിള്ള വിവാഹം ചെയ്തത് കോട്ടയത്ത് കാരാപ്പുഴയിലെ  കോമളവല്ലി അമ്മ (തങ്കമണി) യെയാണ്. ഈ ദമ്പതികൾക്ക് നാലു മക്കൾ . ചന്ദ്രിക , രാധ , അനിയൻ , രവി .

അക്കച്ചിയമ്മച്ചിയുടെ മറ്റു രണ്ടു മക്കളും വിവാഹം ചെയ്തത് കുടുംബത്തിനുള്ളിൽ നിന്നുമായിരുന്നു എന്ന് മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ .

പിന്നീട് വരുന്ന തലമുറയുടെ പേരുവിവരങ്ങൾ വിശദമായി ഫാമിലി ട്രീയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

കാളേച്ചുവീട് കുടുംബത്തിന്റെ മൂലകുടുംബമായ നടുവിലേടത്ത് കുടുംബവുമായി ബന്ധപ്പെട്ട ഏറ്റുമാനൂരിലെ മറ്റു പ്രധാനപ്പെട്ട കുടുംബങ്ങളാണ് വടക്കേടത്ത് , നരിയൻകുന്നേൽ, പുത്തൻപുരക്കൽ, പറമ്പുറത്ത്,വാളവക്കോട്ട് എന്നിവ.

കാളേച്ചുവീടിന്റെ കുടുംബ ചരിത്രം രേഖപ്പെടുത്താൻ ശ്രമിക്കുമ്പോൾ മറക്കാൻ പാടില്ലാത്ത രണ്ടു പേരുകൾകൂടി പരാമർശിക്കാതെ വയ്യ. വളരെ ചെറുപ്പത്തിൽ തന്നെ കാളേച്ചുവീട് കുടുംബത്തിൽ എത്തുകയും, പിന്നീട് നമ്മുടെ കുടുംബത്തിന്റെയും നമ്മുടെ ഓർമകളുടെയും ഒക്കെ ഭാഗമായിത്തീരുകയും ചെയ്ത രണ്ടുപേരാണ് പി.എസ്.പരമേശ്വരൻനായരും (തങ്കപ്പചേട്ടൻ ) , പരമേശ്വരൻ നായരും (പരചേട്ടൻ). നിറയെ സ്നേഹാദരങ്ങളോടെ ആ ഓർമകളെ ചേർത്തുനിർത്തുന്നു.

നമ്മളിൽ ചിലർക്കെങ്കിലും കണ്ടറിവുള്ളതും പലർക്കും കേട്ടറിവ് പോലും ഇല്ലാത്തതുമായ മുത്തശ്ശൻമാരുടെയും മുത്തശ്ശിമാരുടെയും വേരുകളും കുഴഞ്ഞു മറിഞ്ഞു കിടക്കുന്നു എന്ന് തോന്നിപ്പിക്കുന്ന കാളേച്ചുവീട്ടിലെ ബന്ധങ്ങളും മനസ്സിലാക്കാനായി പിന്നിലേക്ക് ഒരെത്തിനോട്ടം നടത്തുകയാണ് നമ്മൾ ഇവിടെ ചെയ്യുന്നത്.

വിശ്രുതനായ സാഹിത്യകാരൻ നാലാങ്കൽ കൃഷ്ണപിള്ള അദ്ദേഹത്തിന്റെ പ്രശസ്തമായ " മഹാക്ഷേത്രങ്ങളുടെ മുന്നിൽ " എന്ന രചനയിൽ ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തെക്കുറിച്ച് പറയുന്നുണ്ട്. ഈ ഗ്രന്ഥത്തിന്റെ 316 )ം പേജിൽ, 'കാളേച്ചുവീട്ടിൽ എന്ന പുരാതന നായർ കുടുംബത്തിനും ഏറ്റുമാനൂർ ക്ഷേത്രത്തോട് അഭേദ്യബന്ധമുണ്ടായിരുന്നു' എന്നൊരു വരി കാണാൻ സാധിക്കും. മുൻകാലങ്ങളിൽ ഏറ്റുമാനൂർ അമ്പലത്തിൽ ഉൽസവത്തിന് വേലകളി അവതരിപ്പിക്കുവാൻ വന്നിരുന്ന കാട്ടാമ്പാക്കിലെ വേലകളി സംഘം കാളേച്ചുവീട്ടിലെ വലിയ മുത്തശ്ശിയെ വന്നുകണ്ട് കിഴി പണം വയ്ക്കുമായിരുന്നു . ഇല്ലാതായി പോയ ഇത്തരത്തിലുള്ള പഴയ പല സമ്പ്രദായങ്ങളിൽ നിന്നും നമ്മുടെ കാളേച്ചുവീട് കുടുംബത്തിന് ഏറ്റുമാനൂർ പ്രദേശത്തും സമുദായത്തിലും ഉണ്ടായിരുന്ന സ്ഥാനം വ്യക്തമാകുന്നു .

ഏറ്റുമാനൂരിലെ ആദ്യ റേഡിയോ (GEC) എത്തിയത് നമ്മുടെ കാളേച്ചുവീട്ടിൽ ആയിരുന്നു എന്നത് അഭിമാനകരമായ കാര്യമാണ് . അതേപോലെതന്നെ കേരള സംസ്ഥാന ഇലക്ട്രിസിറ്റി കൺസ്യൂമർ നമ്പർ 2 ഉം കാളേച്ചുവീട് ആണ്. കൺസ്യൂമർ നമ്പർ ഒന്ന് ഏറ്റുമാനൂരിലെ ക്രിസ്ത്യൻ പള്ളി ആണ്.

അങ്ങിനെ ഏറ്റുമാനൂരിലെ ആദ്യ ഗാർഹീക ഇലക്ട്രിക് കണക്ഷൻ എന്ന പ്രത്യേകതയും നമ്മുടേതാണ്.

ഏറ്റുമാനൂരിൽ ഒരു പോസ്റ്റ് ഓഫീസ് സ്ഥാപിതമായത് കാളേച്ചുവീട്ടിലെ നമ്മുടെ പൂർവികരുടെ ശ്രമഫലമായാണ് .ഇന്നത്തെ പുതിയ തലമുറക്ക് തികച്ചും അപരിചിതമായ ഒരു വാക്കാണ് അഞ്ചൽ ഓഫീസ് എന്നത്. വാർത്താവിനിമയ സൗകര്യങ്ങൾ പരിമിതമായിരുന്ന അന്നത്തെ കാലത്ത് അത്യാവശ്യ വിവരങ്ങൾ ആളുകളിൽ എത്തിച്ചിരുന്ന സർക്കാർ സംവിധാനമാണ് അഞ്ചൽ. അതിനായി നിയുക്തനായിരുന്ന ഉദ്യോഗസ്ഥനെ അഞ്ചലോട്ടക്കാരൻ എന്നും വിളിച്ചു വന്നിരുന്നു , കാരണം കയ്യിൽ പിടിച്ചിരുന്ന വടിയുടെ അറ്റത്തെ മണി മുട്ടി,ശബ്ദം മുഴക്കി, തന്റെ വരവ് അറിയിച്ചും നാട്ടുകാരിലേക്ക് സന്ദേശങ്ങൾ എത്തിച്ചും കൊണ്ടുള്ള ഒരോട്ടമായിരുന്നു അഞ്ചലോട്ടക്കാരന്റെ രീതി. അഞ്ചലാപ്പീസ് എന്ന് പ്രാദേശീയമായി അറിയപ്പെട്ട ആദ്യ അഞ്ചൽ ഓഫീസ് ഏറ്റുമാനൂരിൽ സ്ഥാപിതമായത് ഭാസുക്കുട്ടമ്മാവന്റെ സ്ഥലത്തായിരുന്നു. അതുകൊണ്ടു തന്നെ കാലങ്ങൾ എത്രയോ മാറിയിട്ടും ഇന്നും ഭാസുക്കുട്ടമ്മാവന്റെ വീട് അറിയപ്പെടുന്നത് അഞ്ചലാപ്പീസ് എന്നുതന്നെയാണ്.

കുടുംബ ചരിത്രം പറയുമ്പോൾ കൗതുകകരമായ ഒരു വിവരം കൂടി പരാമർശിക്കാതിരിക്കാനാവില്ല. ശ്രീ മാർത്താണ്ഡവർമ്മ മഹാരാജാവ് അവശ്യ സന്ദർഭങ്ങളിൽ ആശയവിനിമയത്തിനായി ഒരു രഹസ്യ ഭാഷ മൂലഭദ്രം എന്ന പേരിൽ വികസിപ്പിച്ച് ഉപയോഗിച്ചുവന്നിരുന്നു. ഈ പേര് അല്ലാതെ മറ്റൊരു വിവരവും ഗൂഗിളിൽ ഇതേ കുറിച്ച് ഇപ്പോൾ ലഭ്യമല്ല എങ്കിലും വിക്കീപീഡിയ ഈ പ്രത്യേക ഭാഷയിലേക്ക് വെളിച്ചം വീശുന്നുണ്ട്. മൂലഭദ്രം അനായാസം കൈകാര്യംചെയ്ത രണ്ടു പേർ കാളേച്ചുവീട്ടിൽ കുടുംബത്തിലുണ്ട്. തങ്കപ്പചേട്ടനും മോഹനനും തമ്മിൽ പല കാര്യങ്ങളും മൂലഭദ്രത്തിൽ സംസാരിച്ചു കേട്ടത് ഈ തലമുറയിലെ പലരുടെയും ഓർമയിലുണ്ടാവും. കേരളത്തിൽ തന്നെ ഈ ഭാഷ കൈകാര്യം ചെയ്യാനറിയാവുന്ന അപൂർവം ആളുകളിൽ ഒരാൾ കാളേച്ചുവീട്ടിലെ കെ.എൻ.മോഹൻ ആണെന്നത് അഭിമാനത്തോടെ പറയാൻ സാധിക്കും .

നമ്മുടെ കുടുംബത്തിന്റെ ഈ ശക്തമായ പാരമ്പര്യത്തിന്റെ തുടർച്ചകളായി വന്ന ഇന്നത്തെ തലമുറയിലെ ഓരോരുത്തരും ജീവിതത്തിന്റെ വിവിധ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈ വരിച്ചുംകൊണ്ട് സ്വദേശത്തും വിദേശത്തും ജീവിക്കുന്നു എന്നത് നമുക്കൊക്കെയും സന്തോഷകരമായ കാര്യമാണ് .

വിശദമായ ഒരു ഫാമിലി ട്രീ ഒരുക്കുന്നതിലൂടെയും,കാലാനുസൃതമായി പുതുക്കി കാത്തുവയ്ക്കുന്നതിലൂടെയും മണ്മറഞ്ഞു പോയ നമ്മുടെ പൂർവീകരേയും നമ്മൾ ഉൾപ്പെടുന്ന ഈ തലമുറയേയും ഇനി വരാൻപോകുന്ന പരമ്പരകളെയും  നമുക്ക് ചേർത്തു പിടിക്കാൻ സാധിക്കുന്നു .

ഞാൻ കാളേച്ചുവീട്ടിലെയാണ് എന്ന് തലയുയർത്തിപ്പിടിച്ച് എവിടേയും പറയാൻ സാധിക്കുന്ന സാംസ്ക്കാരസമ്പന്നമായ  ഒരു കുടുംബ പാരമ്പര്യമാണ് നമുക്കുള്ളത്. മഹത്തായ ആ പാരമ്പര്യത്തിന്റെ കണ്ണികളാണ് നാം ഓരോരുത്തരും. രക്തത്തിൽ കിട്ടിയിരിക്കുന്ന ഈ സംസ്കാരത്തെ നമുക്കോരോരുത്തർക്കും അഭിമാനത്തോടെ ഹൃദയത്തോട് ചേർത്തുവയ്ക്കയും കൈമോശം വരാതെ സൂക്ഷിക്കുകയും ചെയ്യാം .